# നിർഭയമായി സംസാരിക്കാൻ കശ്മീരികളെ അനുവദിക്കുക

## അരുന്ധതി റോയ്

**ദശകങ്ങളായി** മുൻ സർക്കാറുകൾ ഏറെക്കുറെ അത്ഭുതകരമായി കൈകാര്യം ചെയ്ത് വിജയം കൈവരിച്ച ഒരു വിഷയമാണ് നരേന്ദ്രമോദി ബാലാകോട്ട് ആക്രമണത്തിലൂടെ ചിന്താശൂന്യമായി സങ്കീർണമാക്കിയത്. കശ്മീർ പ്രശ്നം ആഭ്യന്തര വിഷയമാണെന്നും അന്താരാഷ്ട്ര തർക്കപരിഹാരത്തിന് തങ്ങൾ വഴങ്ങില്ലെന്നും 1947 മുതൽ ഇന്ത്യ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രത്യാക്രമണത്തിന് പാകിസ്ഥാനുമേൽ പ്രേരണ ചെലുത്തുകയും ആണവശക്തികളായ ഇന്ത്യയും പാകിസ്ഥാനും പരസ്പരം ബോംബ് വർഷിക്കുന്നതിലേക്ക് കാര്യങ്ങൾ എത്തിക്കുകയും ചെയ്തതിലൂടെ നരേന്ദ്രമോദി കശ്മീർ തർക്കം അന്താരാഷ്ട്രവത്കരിച്ചിരിക്കുന്നു. കശ്മീർ ഭൂമിയിലെ ഏറ്റവും അപകടകരമായ പ്രദേശമാണെന്നും ആണവയുദ്ധത്തിന് വഴിതുറക്കാവുന്ന മേഖലയാണിതെന്നും മോദി ലോകത്തിന് മുമ്പാകെ ബോധ്യപ്പെടുത്തിക്കഴിഞ്ഞു. ഫെബ്രുവരി 14ന് പുൽവാമയിൽ അർധസൈനികർ സഞ്ചരിച്ച വാഹനവ്യൂഹത്തിനുനേരെ ആദിൽ മുഹമ്മദ് ഡാർ എന്ന 20കാരൻ ചാവേർ ആക്രമണം നടത്തിയെന്നത് സത്യം. പാകിസ്ഥാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭീകരസംഘടനയായ ജയ്ശെ മുഹമ്മദിൽപ്പെട്ടയാളാണ് ചാവേറെന്ന് പ്രഖ്യാപിക്കപ്പെട്ടു. ആക്രമണത്തിൽ 40 സൈനികർ കൊല്ലപ്പെട്ടതോടെ കശ്മീർ ദുരന്തത്തിന് പുതിയ അധ്യായം കൂടി രചിക്കപ്പെട്ടിരിക്കുകയാണ്. താഴ്വരയിലെ സംഘർഷത്തിൽ 1990 മുതൽ 70,000ത്തിലധികം പേർ കൊല്ലപ്പെടുകയും ആയിരക്കണക്കിന് പേരെ കാണാതാവുകയും അതിലുമേറെപ്പേർ കൊടിയ പീഡനത്തിന് വിധേയരാവുകയും ചെയ്തിട്ടുണ്ട്. പെല്ലറ്റുകൾ പതിച്ച് അംഗവൈകല്യം വന്നവരും കാഴ്ച നഷ്ടപ്പെട്ടവരും വേറെയുമുണ്ട്. 2009നു ശേഷം കശ്മീരിൽ ഏറ്റവും കൂടുതൽ മരണമുണ്ടായത് കഴിഞ്ഞ 12 മാസത്തിനിടയിലാണ്. 'അസോസിയേറ്റഡ് പ്രസി'ൻെറ കണക്കുപ്രകാരം 260 തീവ്രവാദികളും 160 സിവിലിയന്മാരും 150 ഇന്ത്യൻ സൈനികരും ഉൾപ്പെടെ താഴ്വരയിൽ ഈ കാലയളവിൽ 570 പേർക്കാണ് ജീവഹാനി സംഭവിച്ചത്.

കശ്മീരിൽ പോരാട്ടം നടത്തുന്നവരെ ഓരോരുത്തരുടെ വീക്ഷണമനുസരിച്ച് 'ഭീകരർ', 'തീവ്രവാദികൾ', 'സ്വാതന്ത്രസമര ഭടന്മാർ', 'മുജാഹിദുകൾ' എന്നിങ്ങനെയാണ് വിവക്ഷിക്കുന്നത്. പോരാട്ടം നടത്തുന്നവർ കൊല്ലപ്പെടുമ്പോൾ മിക്ക കശ്മീരികളും അവരെ മുജാഹിദുകളായി കരുതുന്നു. എന്തൊക്കെ അഭിപ്രായവ്യത്യാസമുണ്ടെങ്കിലും അവരുടെ ശവസംസ്കാര ചടങ്ങുകളിൽ പങ്കെടുക്കുകയും വിരോചിതമായ അന്ത്യയാത്ര നേരുകയും ചെയ്യുന്നു. സൈനികരിൽനിന്ന് തീവ്രവാദികൾക്ക് രക്ഷപ്പെടാൻ സൗകര്യം നൽകുന്നതിനിടെയാണ് കൂടുതൽ സിവിലിയന്മാരും കൊല്ലപ്പെടുന്നത്. പുൽവാമയിലെ ചാവേർ ആക്രമണം തീർച്ചയായും കരാളവും പൈശാചികവുമായ സംഭവം തന്നെ. ആദിൽ മുഹമ്മദ് ഡാറിനെപ്പോലെ കണ്ടും കേട്ടും വരുന്ന സാഹചര്യങ്ങളാൽ ജീവത്യാഗത്തിന് തയ്യാറാവുന്ന നൂറുകണക്കിന് പേർ കശ്മീരിലുണ്ട്.

'ഇന്ത്യൻ ഭരണത്തിനെതിരായ സമരം' എന്ന് ജനങ്ങൾ കരുതുന്ന ഈ സായുധ പോരാട്ടത്തിന് ഏറെക്കുറെ 30 വർഷം പഴക്കമുണ്ട്. കശ്മീരികളുടെ പോരാട്ടത്തിന് പാകിസ്ഥാൻ ആയുധങ്ങളും സൈനിക പിന്തുണയും മാത്രമല്ല, ആളുകളെയും നൽകുന്നുവെന്നത് രഹസ്യമല്ല. അതേസമയം, തദ്ദേശവാസികളുടെ പിന്തുണയില്ലാതെ യുദ്ധമേഖലയായ കശ്മീരിൽ തീവ്രവാദികൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല, ധിറുതിപിടിച്ച സൈനിക നീക്കങ്ങളിലൂടെ നാം ഇതിനെ പ്രതിരോധിക്കുന്നത് ശരിയല്ല, 2016ൽ ഉറി സൈനിക ക്യാമ്പിനുനേരെ പാക് ആക്രമണമുണ്ടായപ്പോൾ ഇതേ രീതിയിൽ 'സർജിക്കൽ സ്ട്രൈക്ക്' നടത്തിയത് ബോളിവുഡിലെ ആക്ഷൻ ചിത്രത്തിനുള്ള പ്രചോദനത്തേക്കാൾ കവിഞ്ഞൊന്നും നമുക്ക് സമ്മാനിച്ചിട്ടില്ല. ബാലാകോട്ട് ആക്രമണം പ്രമേയമായി പുതിയ സിനിമകളെടുക്കാനുള്ള ക്യൂവിലാണ് ബോളിവുഡ് നിർമാതാക്കളെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നുമുണ്ട്.

ആക്രമണം നടന്നയുടൻ ഇന്റലിജൻസ് പരാജയമാണ് ഇതിനു പിന്നിലെന്ന് ജമ്മു-കശ്മീർ ഗവർണർ പ്രതികരിച്ചു. കശ്മീർ പൊലീസ് ജാഗ്രത നിർദേശം നൽകിയിരുന്നതായി ചില പോർട്ടലുകൾ റിപ്പോർട്ട് ചെയ്തിരുന്നു. ഈ മുന്നറിയിപ്പിനെക്കുറിച്ച് മാധ്യമങ്ങൾ മൗനം പാലിക്കുകയാണ്. പുൽവാമ ആക്രമണത്തിനുശേഷം രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ കഴിയുന്ന കശ്മീരികൾക്കു നേരെ രോഷാകുലരായ ജനക്കൂട്ടം ആക്രമണം നടത്തുന്ന കാഴ്ചയാണ് കാണുന്നത്. കശ്മീരികളെ സംരക്ഷിക്കണമെന്ന് സുപ്രീംകോടതി ആവശ്യപ്പെട്ട ശേഷം മാത്രമാണ് നരേന്ദ്ര മോദി ഈ വിഷയത്തിൽ പ്രതികരിച്ചത്. അതേസമയം, ബാലാകോട്ട് ആക്രമണത്തിനുശേഷം അദ്ദേഹം തിടുക്കപ്പെട്ട് ടെലിവിഷനിൽ പ്രത്യക്ഷപ്പെടുകയും ബോംബിട്ടത് താനാണെന്ന മട്ടിൽ ഊറ്റം കൊള്ളുകയുമായിരുന്നു. തുടർന്ന് ചാനൽ അവതാരകരുടെ ഊഴമായിരുന്നു. പഴയ വീഡിയോ രംഗങ്ങളും വ്യാജ വസ്തുതകളും ചേർത്ത് അവർ ഉന്മാദംപൂണ്ടു. ജയ്ശെ മുഹമ്മദിൻെറ ഭീകര ഫാക്ടറി നിശ്ശേഷം തുടച്ചുനീക്കിയെന്നും 300ലധികം ഭീകരരെ വധിച്ചുവെന്നും അവർ വിളിച്ചുപറഞ്ഞു. പിറ്റേന്ന് നമ്മുടെ ദേശീയ മാധ്യമങ്ങൾ അത് ഏറ്റുപിടിച്ചു. എന്നാൽ, ബാലാകോട്ടിലേക്ക് മാധ്യമ പ്രവർത്തകരെ അയച്ച 'റോയിട്ടേഴ്സ്' വെളിപ്പെടുത്തിയത് പാറകളും കല്ലുകളുമാണ് നശിച്ചതെന്നും ഒരു ഗ്രാമീണന് പരിക്കേറ്റുവെന്നുമാണ്. 'അസോസിയേറ്റഡ് പ്രസും' ഇതേ രീതിയിൽ തന്നെയാണ് റിപ്പോർട്ട് ചെയ്തത്.

ഈ പ്രതിസന്ധിയിലുടനീളം അന്തസ്സോടെയും ആർജവത്തോടെയുമാണ് പാകിസ്ഥാൻ പ്രധാനമന്ത്രി ഇംറാൻ ഖാൻ പ്രവർത്തിച്ചത്. യുദ്ധത്തടവുകാരെ സംബന്ധിച്ച് ജനീവ കൺവെൻഷൻ അനുസരിച്ച് അഭിനന്ദൻ വർധമാനെ തിരിച്ചുകിട്ടണമെന്ന് ആവശ്യപ്പെടാൻ ഇന്ത്യക്ക് അർഹതയുണ്ട്. അന്താരാഷ്ട്ര റെഡ്ക്രോസ് കമ്മിറ്റി നിയമമനുസരിച്ച് വർധമാനെ മോചിപ്പിക്കുമെന്ന് ഇംറാൻ ഖാൻ ഉദ്ദേശ്യശുദ്ധിയോടെ വെളിപ്പെടുത്തുന്നതാണ് പിന്നീട് കാണുന്നത്. കശ്മീരിലെയും രാജ്യത്തെ മറ്റ് സ്ഥലങ്ങളിലെയും യുദ്ധത്തടവുകാരെ ഇതേ കീഴ്വഴക്കമനുസരിച്ച് വിട്ടയക്കാൻ ഇന്ത്യക്ക് സന്നദ്ധത പ്രകടിപ്പിക്കാവുന്നതാണ്. കശ്മീർ കത്തിക്കൊണ്ടിരുന്നാൽ ഏത് നിമിഷവും ആണവയുദ്ധം പൊട്ടിപ്പുറപ്പെടാം. ഇത് തടയുന്നതിന് ഫലപ്രദമായ നടപടികളാണ് വേണ്ടത്. തങ്ങൾ എന്തിനുവേണ്ടിയാണ് പോരാടുന്നതെന്നും എന്താണ് തങ്ങൾക്ക് വേണ്ടതെന്നും നിർഭയമായി പറയാൻ കശ്മീരികൾക്ക് അവസരം നൽകുക മാത്രമാണ് പ്രശ്നപരിഹാരത്തിനുള്ള പോംവഴി. *(കടപ്പാട്: ഹഫ് പോസ്റ്റ് ഇന്ത്യ)* ■